**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5429** **21-07-2022 - ൽ മറുപടിയ്ക്ക്**

**പൊതുമേഖലയിൽ ഹാച്ചറികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എച്ച്. സലാം** | | **ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് തന്നെ ആവശ്യമായ കോഴിക്കുഞ്ഞുങ്ങളെ ഉല്പാദിപ്പിക്കാൻ കഴിയുംവിധം പൊതുമേഖലയിൽ ഹാച്ചറികൾ ആരംഭിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (എ) | സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷന്റെ ഉടമസ്ഥതയിൽ തിരുവനന്തപുരം ജില്ലയിൽ ഒരു ഹാച്ചറിയും ഇറച്ചിക്കോഴി പ്രജനന കേന്ദ്രവും പ്രവർത്തിച്ചു വരുന്നു. വർഷം തോറും ഏകദേശം 13 ലക്ഷം ഇറച്ചിക്കോഴികളെ ഉൽപ്പാദിപ്പിച്ചു വരുന്നു. കൊല്ലം ജില്ലയിലെ കോട്ടുക്കലിൽ ഒരു പുതിയ ഇറച്ചിക്കോഴി വളർത്തൽ കേന്ദ്രവും സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട് |
| (ബി) | ഇറച്ചിക്കോഴി ഉല്പാദനത്തിൽ എന്തൊക്കെ മുന്നേറ്റങ്ങളാണ് ഇക്കഴിഞ്ഞ ആറ് വർഷങ്ങളിൽ സൃഷ്ടിക്കാൻ കഴിഞ്ഞിട്ടുള്ളതെന്ന് വിശദമാക്കാമോ? | (ബി) | സംസ്ഥാന സർക്കാരിന്റെ കീഴിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനമായ സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷന്റെ കീഴിലുള്ള ഇറച്ചിക്കോഴി പ്രജനന കേന്ദ്രത്തിൽ നിന്നും കഴിഞ്ഞ ആറ് വർഷത്തിനുള്ളിൽ ഏകദേശം 70 ലക്ഷം ഇറച്ചിക്കോഴിക്കുഞ്ഞുങ്ങളെ ഉൽപ്പാദിപ്പിച്ച് കോൺട്രാക്റ്റ്, കുടുംബശ്രീ യൂണിറ്റുകൾക്കും ഇറച്ചിക്കോഴിവളർത്തൽ കർഷകർക്കും വിതരണം ചെയ്തിട്ടുണ്ട്. ഇറച്ചിക്കോഴിക്കുഞ്ഞുങ്ങളുടെ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് വേണ്ടി തിരുവനന്തപുരം ജില്ലയിലെ കുടപ്പനക്കുന്നിൽ പ്രവർത്തിക്കുന്ന ഹാച്ചറി നവീകരിക്കുകയുണ്ടായി. തത്ഫലമായി പ്രതിമാസം ഏകദേശം 50,000 ഇറച്ചിക്കോഴിക്കുഞ്ഞുങ്ങളെ അധികമായി ഉൽപ്പാദിപ്പിക്കാൻ കെപ്കോയ്ക്ക് സാധിച്ചിട്ടുണ്ട്.<br><br>ഇറച്ചിക്കോഴി ഉല്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുന്നതിന്റെ ഭാഗമായി മൃഗസംരക്ഷണ വകുപ്പിന്റെ കേരള ചിക്കൻ പദ്ധതി നല്ല രീതിയിൽ വിഭാവനം ചെയ്ത് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>കുടുംബശ്രീ കേരള ചിക്കൻ പദ്ധതിയുടെ നടത്തിപ്പിനായി, ഉത്പാദനം മുതൽ വിപണനം വരെയുള്ള എല്ലാ പ്രവർത്തനങ്ങളും |

| | | | |
|---|---|---|---|
| | | | ഏകോപിപ്പിക്കുന്നതിന് വേണ്ടി കുടുംബശ്രീ ബ്രോയിലർ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനി ലിമിറ്റഡ് എന്ന പേരിൽ പ്രൊഡ്യൂസർ കമ്പനി രൂപീകരിച്ചു. നിലവിൽ കർഷകർക്ക് ഇൻറഗ്രേഷൻ ഫീസ് (വളർത്തുകൂലി) നൽകുന്ന രീതിയിൽ കുടുംബശ്രീ ബ്രോയിലർ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനിയുടെ നേതൃത്വത്തിൽ കേരള ചിക്കൻ പദ്ധതി നടന്നു വരുന്നു.<br><br>ഫാം ഇൻറഗ്രേഷൻ മുഖേന, വളർത്തുകൂലിയിനത്തിൽ കുടുംബശ്രീ ഇറച്ചി കോഴികർഷകർക്ക് ഒരു സ്ഥിരവരുമാനം ലഭ്യമാകുന്നു. പദ്ധതിയിലൂടെ 270 കോഴികർഷകർക്ക് ഫാം മാനേജ്മെന്റ് ട്രെയിനിങ് നൽകുവാൻ സാധിച്ചിട്ടുണ്ട്. നിലവിൽ കേരള ചിക്കൻ പദ്ധതിയുടെ ഭാഗമായി കുടുംബശ്രീയുടെ നേതൃത്വത്തിൽ തിരുവനന്തപുരം, കൊല്ലം, കോട്ടയം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട് എന്നീ 6 ജില്ലകളിലായി 270 ബ്രോയിലർ ഫാമുകളും, 94 കേരള ചിക്കൻ ഔട്ട് ലെറ്റ്കളും പ്രവർത്തിച്ചു വരുന്നു.<br><br>കോവിഡ് കാലയളവിൽ കുടുംബശ്രീ അംഗങ്ങളായ കോഴികർഷകർക്കും, ഔട്ട് ലെറ്റ് ഗുണഭോക്താക്കൾക്കും 6 കോടി രൂപയുടെ വരുമാനം ലഭ്യമാക്കുവാൻ പദ്ധതിയിലൂടെ സാധിച്ചിട്ടുണ്ട്. നാളിതുവരെ കേരള ചിക്കൻ പദ്ധതിയുടെ ഭാഗമായി കുടുംബശ്രീക്ക്, ഫാം ഇൻറഗ്രേഷൻ മുഖേന 9.96 കോടി രൂപ ഇറച്ചികോഴി കർഷകർക്കും 12.83 കോടി രൂപ outlet ഗുണഭോക്താക്കൾക്കും നൽകുവാൻ സാധിച്ചു. ഇതിലൂടെ 364 കുടുംബങ്ങൾക്ക് ഒരു സ്ഥിരവരുമാനം ലഭ്യമാകുന്നു. ഔട്ട് ലെറ്റ് കൾ വഴി ശരാശരി 87,000 രൂപ ഗുണഭോക്താക്കൾക്കു മാസവരുമാനമായും, ഫാം ഇൻറഗ്രേഷൻ വഴി രണ്ടു മാസത്തിലൊരിക്കൽ ശരാശരി 50000 രൂപ കോഴി കർഷകർക്കും ലഭ്യമാകുന്നു. നിലവിൽ ഒരു ദിവസം ശരാശരി 24000 കിലോ കോഴിയിറച്ചിയുടെ വിപണനം കേരള ചിക്കൻ ഔട്ട് ലെറ്റ് വഴി നടക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ